ബയോ ഡൈവേഴ്സിറ്റി സെൽ വിദേശ ഫണ്ട് സ്വീകരിക്കുന്നതിന്റെ ദോഷങ്ങൾ

19 (19) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബയോ ഡൈവേഴ്സിറ്റി സെല്ലിന് ഏതു പ്രോജക്റ്റിനും ഏതുഫണ്ടും ഏതു ഏജൻസിയിൽ നിന്നും സ്വീകരിക്കാമെന്ന വ്യവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വ്യവസ്ഥ വിദേശ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ഫണ്ട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ ജൈവരഹസ്യങ്ങൾ ചോർത്താൻ വിദേശ ഏജൻസികൾക്ക് സൗകര്യമുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ വ്യവസ്ഥ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് ബയോ ഡൈവേഴ്സിറ്റി സെൽ എന്നൊന്ന് നിലവിലില്ല. എന്നാൽ ബയോ ഡൈവേഴ്സിറ്റി സംബന്ധമായ കാര്യങ്ങളെക്കുറിച്ച് സർക്കാരിന് ഉപദേശങ്ങൾ നൽകാനായി ഒരു ബയോ ഡൈവേഴ്സിറ്റി കമ്മിറ്റി പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ള നിർദ്ദിഷ്ട ബയോ ഡൈവേഴ്സിറ്റി ആക്ട് ഇപ്പോൾ പാർലമെന്റിന്റെ പരിഗണനയിലാണ്. ഇതിൽ സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ബോർഡ് രൂപീകരിക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ആക്ടിനു മുന്നോടിയായി സംസ്ഥാന ബയോ ഡൈവേഴ്സിറ്റി കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന ബയോ ഡൈവേഴ്സിറ്റി സംരക്ഷിക്കുന്നത് സംബന്ധിച്ചുള്ള " കേരള ബയോ ഡൈവേഴ്സിറ്റി കൺസർവേഷൻ ഓർഡർ 2000" (കരട്) ഇപ്പോൾ ടി കമ്മിറ്റിയുടെ പരിഗണനയിലാണ്. ഈ ഓർഡറിൽ സെല്ല് രൂപീകരിക്കുന്നതിന്റെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെയും രാഷ്ട്രത്തിന്റെയും പ്രഖ്യാപിത നയങ്ങൾക്കും താല്പര്യങ്ങൾക്കും വിരുദ്ധമായതൊന്നും ഈ ഓർഡറിൽ ഉണ്ടായിരിക്കുന്നതല്ല. കൂടാതെ വിദേശ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും നേരിട്ട് ഫണ്ട് സ്വീകരിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രത്യേക അനുമതി ആവശ്യമാണെന്ന നിയമങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.

നാലാം വാർഷികത്തോടനുബന്ധിച്ച് നൽകിയ പരസ്യങ്ങൾ

20 (20) ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) നാലാം വാർഷികത്തോടനുബന്ധിച്ച് നൽകിയ പരസ്യങ്ങൾ ഏതെങ്കിലും പരസ്യകമ്പനികളോ ഏജൻസികളോ മുഖേനയാണോ നൽകിയിട്ടുള്ളത്:

(ബി) ആണെങ്കിൽ ഏതെല്ലാം പരസ്യകമ്പനികളോ ഏജൻസികളോ വഴിയാണ് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly